## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2133 18.07.2016 ൽ മറുപടിയ്ക്ക്

### ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>,, കെ.എസ്.ശബരീനാഥൻ<br>,, വി.റ്റി.ബൽറാം<br>,, എൽദോസ് കുന്നപ്പിള്ളി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദീകരിക്കുമോ; | (ബി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• പത്താംതരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീഡിഗ്രി കോഴ്സ് വിജയിക്കാത്തവർ, എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നല്കുക.<br>• പഠനം നഷ്ടപ്പെട്ടു പോയവരെ അതിലേക്ക് തിരികെ കൊണ്ടു വന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീ കരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർ ത്തുക.<br>• തൊഴിൽ/സംരഭകത്വശേഷി പഠിതാക്കളിൽ വളർത്തുക.<br>• പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക. |

| | |
|---|---|
| (സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ? | (സി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും ഇതിനായി സമ്പർക്ക പഠന ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള തുല്യതാ പരീക്ഷാ ബോർഡ് തീരുമാനം അനുസരിച്ച് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>• എസ്.സി.ഇ.ആർ.ടി യുടെ സഹകരണത്തോടെ ഹയർ സെക്കണ്ടറി പഠന സാമഗ്രികൾ തയ്യാറാക്കി കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി 10 വിഷയങ്ങളിലായി 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.<br>• ജില്ലകളിൽ 213 സമ്പർക്ക പഠനകേന്ദ്രങ്ങളിലായി 18,368 പഠിതാക്കൾ ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു.<br>• പൊതു പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്.<br>• യോഗ്യരും പരിചയസമ്പന്നരുമായ ഹയർ സെക്കണ്ടറി അദ്ധ്യാപകരെ തെരഞ്ഞെടുത്ത് സമ്പർക്ക പഠന ക്ലാസ്സുകൾ ജില്ലാ തലത്തിൽ നടത്തിവരുന്നു.<br>• ജില്ലകളിൽ തെരഞ്ഞെടുത്ത ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ജില്ലാതലങ്ങളിൽ വെച്ച് പരിശീലനം നല്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ